വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ ജനറൽ കൗൺസിൽ

ഏകീകൃത ശമ്പള സംവിധാനത്തിൽ ഉൾപ്പെടുത്തരുത്

ബത്തേരി

കേരള വാട്ടർ അതോറിറ്റിയെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏകീകൃത ശമ്പള സംവിധാനത്തിൽ ഉൾപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (സിഐടിയു) സംസ്ഥാന ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു. ഉൽപ്പന്ന വിറ്റുവരവിലൂടെ പ്രവർത്തന ലാഭം കണ്ടെത്തേണ്ട സ്ഥാപനങ്ങളോടൊപ്പം വാട്ടർ അതോറിറ്റിയെ ഉൾപ്പെടുത്താനുള്ള നീക്കം അപലപനീയമാണ്. കുടിവെള്ളം വിൽപ്പനയ്ക്കുള്ളതല്ല. 1984ൽ സർക്കാരിന് വായ്പയെടുക്കാനുള്ള സൗകര്യത്തിനാണ് വകുപ്പിനെ വാട്ടർ അതോറിറ്റിയാക്കി പരിവർത്തനംചെയ്തത്. അതിനാൽ വാട്ടർ അതോറിറ്റി ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടേതിന് തുല്യമായ ആനുകൂല്യം നൽകണം.

കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ സംസ്ഥാന ജനറൽ കൗൺസിൽ ബത്തേരിയിൽ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനംചെയ്യുന്നു

ജനറൽ കൗൺസിൽ ബത്തേരി ശ്രേയസ് ഓഡിറ്റോറിയത്തിലെ ടി ശിവദാസമേനോൻ നഗറിൽ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനംചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് പി കരുണാകരൻ അധ്യക്ഷനായി. കെ ജെ ആന്റണി രക്തസാക്ഷി പ്രമേയവും കെ രമ അനുശോചന പ്രമേയവും അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ഇ ആർ സന്തോഷ്കുമാർ, സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി വി വി ബേബി, ജില്ലാ സെക്രട്ടറി വി രാജേഷ്കുമാർ, സംസ്ഥാന ഭാരവാഹികളായ വി അമൃതരാജ്, രാജേഷ് ആർ ചന്ദ്രൻ, എ രാജു, കെ ജി ബിന്ദു, പി സുധാകരൻ, പി എം സാംസൺ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി പി ഉണ്ണികൃഷ്ണൻ സ്വാഗതവും ട്രഷറർ ഒ ആർ ഷാജി നന്ദിയും പറഞ്ഞു.

ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ ലോഗോ പ്രകാശിപ്പിച്ചു

ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ ലോഗോ മന്ത്രി വീണാ ജോർജ് പ്രകാശിപ്പിക്കുന്നു

തിരുവനന്തപുരം

സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ ലോഗോ മന്ത്രി വീണാ ജോർജ് പ്രകാശിപ്പിച്ചു. സംസ്ഥാനത്ത് 5409 ജനകീയ ആരോഗ്യകേന്ദ്രം സ്ഥാപിക്കും. വ്യായാമുഖ്യമന്ത്രി പിണറായി വിജയൻ പിരപ്പൻകോട് കേന്ദ്രം ഉദ്ഘാടനം ചെയ്യും.

ജനകീയ ആരോഗ്യകേന്ദ്രങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻ ബാബു, ആരോഗ്യവകുപ്പ് ഡയറക്ടർ കെ ജെ റീന എന്നിവരും പങ്കെടുത്തു.

വിതരണം തടഞ്ഞ അരവണ വീണ്ടും പരിശോധിക്കണം: സുപ്രീംകോടതി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആവശ്യം അംഗീകരിച്ചു

ഏലയ്ക്കയിൽ കീടനാശിനിയുടെ അളവ് കൂടിയെന്ന പേരിൽ വിതരണം തടഞ്ഞ അരവണയുടെ സാമ്പിൾ വീണ്ടും പരിശോധിക്കാൻ നിർദേശിക്കണമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആവശ്യം സുപ്രീംകോടതി അംഗീകരിച്ചു. ആവശ്യം കേരള ഹൈക്കോടതി തള്ളിയതിനെ തുടർന്നാണ് സുപ്രീംകോടതിയെ സമീപിച്ചത്. വാദങ്ങൾ അംഗീകരിച്ച് ജസ്റ്റിസുമാരായ എ എസ് ബൊപ്പണ്ണ, സി ടി രവികുമാർ എന്നിവരുടെ ബെഞ്ച് ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്തു. അരവണയുടെ സാമ്പിൾ ലബോറട്ടറിയിൽ പരിശോധിക്കണം.

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി മാർഗനിർദേശം അനുസരിച്ചാകണമിത്. ഭക്ഷ്യസുരക്ഷാ അതോറിറ്റി മുഖേന പരിശോധന നടത്താം. റിപ്പോർട്ട് ബോർഡ് കൈമാറണമെന്നും കോടതി നിർദേശിച്ചു.

ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തി, ഗോഡൗണിൽ സൂക്ഷിച്ച അരവണ നശിപ്പിക്കാമെന്ന് ദേവസ്വംബോർഡ് കോടതിയെ അറിയിച്ചു. മുതിർന്ന അഭിഭാഷകൻ വി ഗിരി, അഡ്വ. പി എസ് സുധീർ, ജി ബിജു എന്നിവർ ഹാജരായി.

കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് അഖിലേന്ത്യ അസിസ്റ്റന്റ് സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ട എസ് ധന്യ (എൻഎഫ്പിഇ, കേരളത്തിൽനിന്നുള്ള പ്രതിനിധി), ജി ആർ പ്രമോദ് (ഐഎഎസ്ആർഒ, കേരള പ്രതിനിധി)

നന്മ സെക്രട്ടറിയറ്റ് മാർച്ചും ധർണയും നാളെ

തിരുവനന്തപുരം

മലയാള കലാകാരന്മാരുടെ ദേശീയ സംഘടനയായ നന്മയുടെ നേതൃത്വത്തിൽ ബുധനാഴ്ച സെക്രട്ടറിയറ്റ് മാർച്ചും ധർണയും സംഘടിപ്പിക്കും.

ബുധൻ രാവിലെ 10ന് നടക്കുന്ന സമരം ഗാന രചയിതാവ് ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുക, ക്ഷേമബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, സ്പെഷ്യൽ ടീച്ചർമാരുടെ വെട്ടിക്കുറച്ച ശമ്പളം പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

നന്മ വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റ് രമാദേവി, സംസ്ഥാന സെക്രട്ടറി സുരേഷ് ഒഡേസ്, കെ എസ് ദാസ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

എസ് എൽ ശ്യാം അന്തരിച്ചു

തിരുവനന്തപുരം

മുതിർന്ന മാധ്യമപ്രവർത്തകനും കലാകൗമുദി ബ്യൂറോ ചീഫുമായ കുടപ്പനക്കുന്ന് മേരിഗിരി റോഡ് തുമ്പൈക്കോണം നന്ദനത്തിൽ എസ് എൽ ശ്യാം (54) അന്തരിച്ചു.

ദീപിക, രാഷ്ട്രദീപിക, മംഗളം, തൃശൂർ എക്സ്പ്രസ്, ബിഗ് ന്യൂസ് തുടങ്ങിയവയിലും പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം പ്രസ് ക്ലബ് മുൻ സെക്രട്ടറിയായിരുന്നു.

മൃതദേഹം വീട്ടിലും പ്രസ് ക്ലബ്ബിലും പൊതുദർശനത്തിനുവച്ചശേഷം വൈകിട്ട് ആറിന് തൈക്കാട് ശാന്തികവാടത്തിൽ സംസ്കരിച്ചു.

അച്ഛൻ: ശിവചന്ദ്രൻപിള്ള, അമ്മ: ലളിതകുമാരി, ഭാര്യ: ഇന്ദു (സെക്രട്ടറിയറ്റ്). മകൻ: മാധവൻ.

എസ് എൽ ശ്യാമിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, ജില്ലാ സെക്രട്ടറി വി ജോയി, മന്ത്രി വി ശിവൻകുട്ടി, പ്രതിപക്ഷനേതാവ് വി ഡി സതീശൻ, മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റ് എം വി വിനീത, ജനറൽ സെക്രട്ടറി ആർ കിരൺബാബു, പ്രസ്ക്ലബ് പ്രസിഡന്റ് എം രാധാകൃഷ്ണൻ തുടങ്ങിയവർ അനുശോചിച്ചു.

എയ്ഡഡ് സ്കൂൾ ഭിന്നശേഷി അധ്യാപക നിയമനം

സുപ്രീംകോടതി നോട്ടീസയച്ചു

സ്വന്തം ലേഖകൻ

ന്യൂഡൽഹി

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി തസ്തിക സംവരണവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിക്കെതിരായ അപ്പീലിൽ സുപ്രീംകോടതി നോട്ടീസ്. സംസ്ഥാന സർക്കാരിനും എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്കുമാണ് നോട്ടീസ്. ഭ

ിന്നശേഷി തസ്തികകളിൽ സംവരണം പാലിക്കണമെന്നും എന്നാൽ നിയമനം ലഭിച്ചവരെ പുറത്താക്കരുതെന്നും സുപ്രീംകോടതി ഇടക്കാല ഉത്തരവിട്ടു.

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗക്കാർക്കായി മാറ്റിവച്ച തസ്തികകളിൽ 2018 നവംബർ 18നും 2021 നവംബർ 21നും ഇടയിൽ ഉണ്ടായ ഒഴിവുകളിൽ നിയമനം നൽകിയവർക്ക് വിദ്യാഭ്യാസ ഓഫീസർ താൽക്കാലികമായി നിയമനാംഗീകാരം നൽകണമെന്നായിരുന്നു കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

നിശ്ചിത യോഗ്യതകളുള്ള ഭിന്നശേഷിവിഭാഗക്കാർ ചുമതലയേൽക്കുന്നതുവരെയാണ് ഇതെന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നുമായിരുന്നു ഉത്തരവ്.

സംവരണം പാലിക്കാതെ നടത്തിയ നിയമനങ്ങൾ ഉടൻ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഭിന്നശേഷി വിഭാഗക്കാരായ ഹർജിക്കാർ സുപ്രീംകോടതിയെ സമീപിച്ചത്.

ഉദ്ഘാടനം നാളെ

ദുരന്തത്തിൽ താങ്ങാകാൻ എൻസിസി പരിശീലനകേന്ദ്രം: മന്ത്രി ബിന്ദു

തിരുവനന്തപുരം

- പരിശീലനകേന്ദ്രത്തിന് 5.05 ഏക്കർകൂടി അനുവദിക്കും
- തേഞ്ഞിപ്പലത്തെ പരിശീലനകേന്ദ്രത്തിന്റെ നിർമാണം അവസാന ഘട്ടത്തിൽ

ദേശീയനിലവാരത്തിൽ എൻസിസിക്കായി തിരുവനന്തപുരം കല്ലറയിൽ പരിശീലനകേന്ദ്രം ആരംഭിക്കും. ഹെലിപ്പാഡ് ഉൾപ്പെടെയുള്ള പരിശീലനകേന്ദ്രത്തിന്റെ നിർമാണം ബുധൻ വൈകിട്ട് നാലിന് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. ഡി കെ മുരളി എംഎൽഎ അധ്യക്ഷനാകും.

ദുരന്തനിവാരണ പ്രവർത്തനങ്ങളോട് അനുബന്ധിച്ചുള്ള മാറ്റിപ്പാർപ്പിക്കലിന് പരിഹാരമായിക്കൂടിയാണ് കേന്ദ്രം ഉയരുകയെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. ദുരന്തവേളകളിൽ സ്കൂളുകളിലും ഓഡിറ്റോറിയങ്ങളിലുമാണ് ജനങ്ങളെ മാറ്റിപ്പാർപ്പിക്കാറ്. പാചകത്തിനോ മതിയായ ടോയ്ലെറ്റ് ആവശ്യങ്ങൾക്കോ ഇവിടങ്ങളിൽ സൗകര്യമുണ്ടാകാറില്ല. ഈ കുറവുകളില്ലാതെ ദുരിതഘട്ടങ്ങളിൽ നാടിന് താങ്ങാകുംവിധമാണ് കേന്ദ്രം സജ്ജമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

തിരുവനന്തപുരത്തെ പതിനാറ്റായിരത്തോളം കേഡറ്റുകൾക്ക് സ്ഥിരമായ പരിശീലനകേന്ദ്രം ഇല്ലാത്തതിന്റെ കുറവ് ഇതോടെ അവസാനിക്കുമെന്ന് മന്ത്രി പറഞ്ഞു. കശ്മീർമുതൽ കന്യാകുമാരിവരെയുള്ള തെരഞ്ഞെടുക്കപ്പെട്ട കേഡറ്റുകൾക്ക് പരിശീലനം നൽകാൻകൂടിയാണ് കേന്ദ്രം. പ്രതിരോധസേനാ വിഭാഗങ്ങളുടെ പ്രാഥമിക പരിശീലനത്തിനു പുറമെ, ഫയറിങ്, ഒബ്സ്റ്റക്കിൾ കോഴ്സ്, മലകയറ്റം തുടങ്ങിയവയിലുള്ള പരിശീലനവും ഇവിടെ നൽകും. കല്ലറയിലെ മൂന്നര ഏക്കറിലാണ് നിർമാണം ആരംഭിക്കുക. പരിശീലനകേന്ദ്രത്തെ ഉന്നതനിലവാരത്തിലേക്ക് ഉയർത്താൻ 5.05 ഏക്കർകൂടി അനുവദിക്കാനുള്ള സർക്കാർ നടപടി അന്തിമഘട്ടത്തിലാണ്. മലബാർമേഖലയിലെ കേഡറ്റുകളുടെ ചിരകാല സ്വപ്നമായ പരിശീലനകേന്ദ്രത്തിന്റെ നിർമാണം മലപ്പുറം തേഞ്ഞിപ്പലത്ത് പൂർത്തീകരിച്ചുവരികയാണ്. ഉടൻ ഇതിന്റെ പ്രവർത്തനം ആരംഭിക്കുമെന്നും മന്ത്രി ബിന്ദു അറിയിച്ചു.

പുതുമോടിയിൽ ശാസ്ത്രസാങ്കേതിക മ്യൂസിയം

വിസ്മയമായി ഇലക്ട്രോണിക്സ് ഗ്യാലറിയും ഭീമൻ ഭൂഗോളവും

ഓൺലൈൻ ടിക്കറ്റ് ബുക്കിങ് നാളെമുതൽ

തിരുവനന്തപുരം

സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ (കെഎസ്എസ്ടിഎം) ഇലക്ട്രോണിക്സ് ഗ്യാലറിയും ഓൺലൈൻ ടിക്കറ്റ് ബുക്കിങ് അടക്കമുള്ളവ ബുധനാഴ്ചമുതൽ ആരംഭിക്കും. സർക്കാരിന്റെ നൂറുദിന കർമപരിപാടിയിൽപ്പെടുത്തിയാണ് പുതിയ സംവിധാനങ്ങൾ ആരംഭിക്കുന്നതെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. പരിഷ്കരിച്ച വെബ്സൈറ്റ്, ഓട്ടോമൊബൈൽ സിമുലേഷൻ ഗ്യാലറി, ഭൂഗോളത്തിന്റെ മാതൃക, വെർച്വൽ റിയാലിറ്റി സ്റ്റുഡിയോ എന്നിവയുടെ ഉദ്ഘാടനവും ബുധൻ പകൽ 11ന് നടക്കും. സന്ദർശകർക്ക് ആവശ്യമായ വിവരങ്ങൾ കൃത്യതയിലും വേഗത്തിലും ലഭ്യമാകുന്ന തരത്തിലാണ് www.kstmuseum.com വെബ്സൈറ്റ് പരിഷ്കരിച്ചത്. ടിക്കറ്റുകൾ വെബ്സൈറ്റിലൂടെ ബുക്ക് ചെയ്യാം.

ഡ്രൈവിങ് സിമുലേറ്റർ, സീറ്റ്ബെൽറ്റ്/എയർ ബാഗ് സിമുലേറ്റർ, ഓട്ടോമൊബൈൽ സാങ്കേതികവിദ്യയുടെ അടിസ്ഥാനതത്വങ്ങൾ പങ്കുവയ്ക്കുന്ന പ്രദർശിനികൾ, ലോകത്തെ ആദ്യ പേറ്റന്റ് മോട്ടോർ വാഹനത്തിന്റെ നിശ്ചല മാതൃക തുടങ്ങിയവ ഓട്ടോമൊബൈൽ ഗ്യാലറിയിലുണ്ട്. അഞ്ചു മീറ്റർ വ്യാസമുള്ള, മിനിറ്റിൽ ഒരുതവണ ഭ്രമണം ചെയ്യുന്ന ഭൂഗോളമാതൃകയും ഒരുക്കിയിട്ടുണ്ട്. രാജ്യത്തെ മറ്റൊരു ശാസ്ത്രമ്യൂസിയത്തിലും ഇല്ലാത്ത ഈ ഭീമൻ ഭൂഗോളമാതൃകയിൽ ടൈം സോൺ ക്ലോക്കുകളിലൂടെ അടയാളപ്പെടുത്തിയിട്ടുണ്ട്. സി– ഡിറ്റ് തയ്യാറാക്കിയ വെർച്വൽ റിയാലിറ്റി സ്റ്റുഡിയോ ജനങ്ങൾക്കും വിദ്യാർഥികൾക്കും ബഹിരാകാശത്തെ അടുത്തറിയാൻ സഹായിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

അന്തരിച്ച മുതിർന്ന മാധ്യമ പ്രവർത്തകൻ എസ് എൽ ശ്യാമിന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ആദരം അർപ്പിക്കുന്നു

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ: ശിൽപ്പശാല

തിരുവനന്തപുരം

'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള ശിൽപ്പശാല ബുധൻ, വ്യാഴം ദിവസങ്ങളിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കും.

ബുധൻ വൈകിട്ട് 5 ന് മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും. നവകേരളം കർമപദ്ധതി കോ–ഓർഡിനേറ്റർ ടി എൻ സീമ അധ്യക്ഷയാകും. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ രാമചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും.

നിർദേശങ്ങളുമായി വിദ്യാഭ്യാസവകുപ്പ്

റെയിൽവേ ട്രാക്ക് മറികടക്കുന്ന കുട്ടികളെ അധ്യാപകരും ശ്രദ്ധിക്കണം

തിരുവനന്തപുരം

റെയിൽവേ ട്രാക്കിന് സമീപത്തുള്ള സ്കൂളുകളിലെ കുട്ടികൾ അപകടരഹിതമായി ട്രാക്ക് മുറിച്ചുകടക്കുന്നത് അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് വിദ്യാഭ്യാസവകുപ്പ്. കുട്ടികൾ റെയിൽവേ ലൈൻ മുറിച്ചു കടക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനുള്ള നിർദേശങ്ങൾ പുറത്തിറക്കി. നിർദിഷ്ട സ്ഥലത്തുകൂടിയല്ലാതെ റെയിൽവേ ലൈൻ മുറിച്ചു കടക്കരുത്. റെയിൽവേ ക്രോസുള്ളിടത്തുകൂടി മാത്രമേ ലൈൻ മുറിച്ചുകടക്കാവൂ. ഇക്കാര്യത്തിൽ അധ്യാപകരും രക്ഷിതാക്കളും കുട്ടികൾക്ക് നിർദേശം നൽകണം.

റെയിൽവേ ലൈനിനകത്തെ സിഗ്നലുകൾ ശ്രദ്ധിച്ചുമാത്രം ട്രാക്ക് മുറിച്ചു കടക്കണം. ട്രാക്കിൽ കൂട്ടംകൂടി നിൽക്കുകയോ നടക്കുകയോ ചെയ്യരുത്. ഗേറ്റ് അടഞ്ഞുകിടക്കുമ്പോൾ ഒരു കാരണവശാലും റെയിൽവേ ലൈൻ മുറിച്ചു കടക്കരുത്.

റെയിൽവേ ലൈനിനടുത്ത് എത്തുമ്പോൾ ഫോൺ, ഹെഡ്സെറ്റ് എന്നിവ ഉപയോഗിക്കരുത്. കുട്ടികളെ ബോധവാന്മാരാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദേശത്തിലുണ്ട്.